# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1021 12.12.2012-ൽ മറുപടിയ്ക്ക്

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കേറ്ററിങ് ടെക്നോളജി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര അനുമതിയോടെ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കേറ്ററിങ് ടെക്നോളജി - ഇൻസ്റ്റിറ്റ്യൂട്ടുകൾ എത്രയാണ് ; വിശദമാക്കാമോ ; | (എ) സംസ്ഥാനത്ത് ടൂറിസം വകുപ്പിനു കീഴിൽ കേന്ദ്ര അനുമതിയോടെ ഇപ്പോൾ ഒരേയൊരു ഹോട്ടൽ മാനേജ്മെന്റ് & കേറ്ററിംഗ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് മാത്രമേ പ്രവർത്തിക്കുന്നുള്ളു. ഇത് കോഴിക്കോട് സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ആണ്. പ്രസ്തുത സ്ഥാപനം കേന്ദ്ര സഹായത്തോടുകൂടി സംസ്ഥാന ഗവൺമെന്റിനു കീഴിൽ 2008 മുതൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ കോവളത്ത് ഒരു ഹോട്ടൽ മാനേജ്മെന്റ് & കേറ്ററിംഗ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) നിലവിൽ ഈ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ കോഴ്സുകൾക്ക് ആവശ്യത്തിന് വിദ്യാർത്ഥികളെ ലഭിക്കുന്നുണ്ടോ; ഓരോ ഇൻസ്റ്റിറ്റ്യൂട്ടിലും നിലവിൽ നടത്തുന്ന കോഴ്സുകളും കുട്ടികളുടെ എണ്ണവും സംബന്ധിച്ച് വിശദമാക്കാമോ ; | (ബി) കഴിഞ്ഞ രണ്ട് അധ്യയന വർഷങ്ങളായി ആവശ്യത്തിന് വിദ്യാർത്ഥികളെ കോഴിക്കോട് SIHM-ന് ലഭിക്കുന്നുണ്ട്. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗം ഉൾപ്പടെയുള്ള സംവരണ വിഭാഗത്തിൽപ്പെട്ട സീറ്റുകളിലെ ഒഴിവുകൾ പൂർണ്ണമായി നികത്താൻ |

ആവശ്യമായ അപേക്ഷകരെ ലഭിക്കാറില്ല.

കോഴ്സുകൾ

1) ബി.എസ്സ്.സി ഹോസ്പിറ്റാലിറ്റി & ഹോട്ടൽ അഡ്മിനിസ്ട്രേഷൻ - മെയിൻ കോഴ്സ് ടി കോഴ്സിന് 63 കുട്ടികളുടെ സ്ഥാനത്ത് 51 കുട്ടികൾ ഈ വർഷത്തെ ബാച്ചിൽ പഠിയ്ക്കുന്നുണ്ട്.
2) ഹുണാർ സെ റോസ്ഗാർതക്- രണ്ട് മാസത്തെ ഹ്രസ്വ കാല പരിശീലന പരിപാടി. ടി. കോഴ്സിന് ഇപ്പോൾ നടക്കുന്ന ബാച്ചിൽ 33 കുട്ടികൾ പഠിയ്ക്കുന്നു.

(സി) പ്രസ്തുത കോഴ്സുകൾക്ക് സംസ്ഥാനത്ത് വീണ്ടും ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെ ;

(സി) ഉണ്ട്. കോട്ടയം, ആലപ്പുഴ ജില്ലകളിൽ

(ഡി) കോട്ടയം കേന്ദ്രമാക്കി പുതിയ ഇൻസ്റ്റിറ്റ്യൂട്ടിന് കേന്ദ്രഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ ; ഏത് സ്ഥലത്ത്, ആരാണ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

(ഡി) കോട്ടയം ജില്ലയിൽ പുലിയന്നൂർ താലൂക്കിൽ ഹോട്ടൽ മാനേജ്മെന്റ് & കേറ്ററിംഗ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയ്ക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത് ടൂറിസം വകുപ്പിന്റെ മേൽ നോട്ടത്തിലായിരിക്കും.

സെക്ഷൻ ഓഫീസർ